I.ഇ.ബി. XII-കേരള നിയമസഭ/III–2

**പന്ത്രണ്ടാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

2006 ഡിസംബർ 28, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തിര പ്രമേയനോട്ടീസ്**

എ.ഡി.ബി.യിൽനിന്ന് വായ്പ വാങ്ങാൻ തീരുമാനിച്ചത് സംബന്ധിച്ച്

മി.സ്പീക്കർ: എ.ഡി.ബി.യിൽനിന്ന് വായ്പ വാങ്ങാൻ തീരുമാനിച്ച പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.എം.മാണി, കെ.സി.ജോസഫ്, സി.ടി.അഹമ്മദ് അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി അടിയന്തിരമായി ഒരു യോഗത്തിൽ പങ്കെടുക്കാനായി കൊച്ചിയിൽ പോയിരിക്കുന്നതിനാൽ ഈ വിഷയം നാളെ ചർച്ച ചെയ്യാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സമ്മേളനത്തിൽ മൂന്ന് ദിവസം മാത്രമാണ് സഭ കൂടുന്നത്. പ്രതിപക്ഷം ഉന്നയിക്കുന്ന പ്രശ്ന ങ്ങൾക്ക് മറുപടി പറയേണ്ട മുഖ്യമന്ത്രിക്ക് സഭാനടപടികളിൽ പങ്കെടുക്കാൻ അസൗകര്യമാണെങ്കിൽ കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് എന്ന

നിലയിൽ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള മന്ത്രി മറുപടി പറഞ്ഞാൽ മതി. ഞങ്ങൾ അതിൽ സംതൃപ്തരാണ്. ഇന്നത്തെ അടിയന്തിരപ്രമേയം നാളെത്തേയ്ക്ക് മാറ്റിവയ്ക്കാൻ പറ്റില്ല. അങ്ങനെയൊരു സംഭവം കേരള നിയമസഭയുടെ ചരിത്രത്തിലുണ്ടായിട്ടില്ല. സബ്മിഷനും ശ്രദ്ധക്ഷണിക്കലും മാറ്റിവച്ചിട്ടുണ്ട്. പക്ഷേ അടിയന്തിര പ്രമേയം മാറ്റിവച്ചിട്ടില്ല.

<u>ശ്രീ.കെ.എം. മാണി</u>: എ.ഡി.ബി. കരാർ ഒപ്പിട്ടത് സംബന്ധിച്ചാണ് ചർച്ച ചെയ്യേണ്ടത്. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ മുഖ്യമന്ത്രി ചുമതലപ്പെടുത്തിയിട്ടുള്ള മന്ത്രിക്ക് മറുപടി പറയേണ്ട ഉത്തര വാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ല.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: മുഖ്യമന്ത്രിക്ക് അടിയന്തിര കാര്യമുള്ളതുകൊണ്ട് ഇന്ന് ഉച്ചയ്ക്ക് രണ്ട് മണിക്കുശേഷം മാത്രമേ എത്തിച്ചേരാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾക്ക് എന്നെ ചുമതലപ്പെടുത്തിയി ട്ടുമുണ്ട്. ഈ പ്രശ്നത്തിൻമേൽ മറ്റ് മന്ത്രിമാർക്ക് മറുപടി പറയാൻ കഴി യാത്ത സാഹചര്യമാണ്. മുഖ്യമന്ത്രിതന്നെ മറുപടി പറയേണ്ട വിഷയമായതു കൊണ്ട് നാളെ അദ്ദേഹം മറുപടി പറയുന്നതാണ്. ഈ വിഷയം ഇന്നുതന്നെ ചർച്ച ചെയ്തില്ലെങ്കിലും യാതൊന്നും സംഭവിക്കാനില്ല. സ്പീക്കറുടെ അനുമതിയും തീരുമാനവുമുണ്ടെങ്കിൽ മാത്രമേ ഏത് വിഷയവും ചർച്ച ചെയ്യാൻ കഴിയുകയുള്ളൂ എന്ന് റൂൾ 50-ൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് അതിനെ ചോദ്യം ചെയ്യുന്നത് ശരിയല്ല.

<u>ശ്രീ.പി.സി.ജോർജ്</u>: ഇവിടെ പ്രതിപക്ഷനേതാവും മറ്റുള്ളവരും പറഞ്ഞ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. എ.ഡി.ബി. എഗ്രിമെന്റ്

ഉണ്ടായത് ഇന്നോ ഇന്നലെയോ അല്ല. ഈ പ്രശ്നം സംബന്ധിച്ച് മുഖ്യമന്ത്രി നാളെ മറുപടി പറയുന്നതിൽ യാതൊരു കുഴപ്പവുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): നിയമസഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള സംഭവമല്ലെങ്കിലും ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇന്ന് രണ്ട് മണിക്കുശേഷം ചർച്ച ചെയ്താൽ മതി. പക്ഷേ നാളെത്തേയ്ക്ക് മാറ്റിവയ്ക്കാൻ പറ്റില്ല.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): സഭാനടപടിക്രമം അനുസരിച്ചും റൂൾ 50 അനുസരിച്ചും ഒരിക്കലും സാദ്ധ്യമായ കാര്യങ്ങളല്ല പ്രതിപക്ഷനേതാവ് പറഞ്ഞത്. നിയമസഭയുടെ ചരിത്രത്തിൽ അടിയന്തിര പ്രമേയം രണ്ട് മണിക്കുശേഷം എടുത്തിട്ടില്ല. മുഖ്യമന്ത്രി വന്നതിനുശേഷം നാളെ ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന് റൂൾ 50 അനുസരിച്ച് ചില നിബന്ധനകളുണ്ട്. അതനുസരിച്ച് മറ്റ് സഭാനടപടികൾ മാറ്റിവച്ചശേഷം അടിയന്തിരപ്രമേയം എടുക്കുകയാണ് ചെയ്യുന്നത്. അതിന്മേലുള്ള ചർച്ച 12 മണിക്കുശേഷം ആകാവുന്നതാണ്. പ്രതിപക്ഷം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രിയുടെ അസൗകര്യം കാരണം മാറ്റിവയ്ക്കണമെന്നാണ് പറയുന്നത്. ക്യാബിനറ്റും സഭാദ്ധ്യക്ഷനും തീരുമാനിച്ചതനുസരിച്ചാണ് മൂന്ന് ദിവസം സഭ കൂടുന്നത്. ഈ മൂന്ന് ദിവസവും മുഖ്യമന്ത്രി സഭയിൽ ഹാജരാകേണ്ടതായിരുന്നു. മുഖ്യമന്ത്രിക്ക് സഭയിൽ ഹാജരാകാൻ കഴിയാത്തതുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ അദ്ദേഹം മറുപടി പറഞ്ഞാൽ മതി.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: റൂൾ 50 അനുസരിച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയം അടുത്ത ദിവസത്തേയ്ക്ക് മാറ്റിവയ്ക്കാൻ പ്രൊവിഷനില്ല, അങ്ങനെയൊരു പ്രീസിഡന്റുമില്ല. നിയമ വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ചാണെങ്കിൽ അടിയന്തിര പ്രമേയത്തിൻമേലുള്ള ചർച്ച ഇന്ന് 12 മണിക്കുശേഷം നടത്താവുന്നതാണ്. അങ്ങനെ ചെയ്താൽ അത് നിയമസഭാ നടപടിക്രമങ്ങളെ ബാധിക്കുകയുമില്ല. ഇത് മാറ്റിവയ്ക്കുന്നതുകൊണ്ട് പുതിയ കീഴ്വഴക്കങ്ങൾ ഉണ്ടാവുകയേയുള്ളൂ.

<u>ശ്രീ.പി.ജയരാജൻ</u>: റൂൾ 50 അനുസരിച്ച് അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് എടുത്തില്ലെങ്കിൽ അത് അടുത്ത ദിവസം സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഒരു തീരുമാനം ഇവിടെ എടുത്തതാണ്. ആ തീരുമാനം അനുസരിച്ച് ഈ വിഷയം സംബന്ധിച്ച് ഇനി ചർച്ച ചെയ്യേണ്ടതില്ല.

<u>മി.സ്പീക്കർ</u>: മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്ക് മറുപടി പറയാൻ കഴിയാത്ത സാഹചര്യത്തിൽ ഈ വിഷയം നാളെ ചർച്ച ചെയ്യാവുന്നതാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ അകത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ അൽപ്പസമയത്തേയ്ക്ക് സഭ നിറുത്തിവയ്ക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചു).

(9.20-ന് നിറുത്തിവച്ച സഭ രാവിലെ 11.08-ന് വീണ്ടും സമ്മേളിക്കുകയുണ്ടായി)

മി.സ്പീക്കർ: കേരളത്തിലെ ലക്ഷക്കണക്കിന് കൃഷിക്കാരെ സഹായിക്കുന്നതിന് കർഷക കടാശ്വാസ കമ്മീഷൻ ബിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നതിനുവേണ്ടിയാണ് ഈ സഭാസമ്മേളനം വിളിച്ചുകൂട്ടിയത്. അക്കൂട്ടത്തിൽ സംസ്ഥാനത്ത് നടക്കുന്ന ചില പ്രധാന പ്രശ്നങ്ങൾകൂടി ചർച്ച ചെയ്യുന്നതിന് നിർബ്ബന്ധിതമായി. ഇന്ന് അടിയന്തിര പ്രമേയ ചർച്ചയ്ക്കായി വന്ന വിഷയം മുഖ്യമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാൻ കഴിയാതെ വരികയും പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ അൽപ്പസമയം നിർത്തിവയ്ക്കുകയും ചെയ്യേണ്ട സ്ഥിതി വിശേഷമുണ്ടായി. കക്ഷിനേതാക്കളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നാളെ മുഖ്യമന്ത്രി വന്നതിനുശേഷം ഈ വിഷയം ഉന്നയിക്കുന്നതിനും അതിനുപകരം ഇന്ന് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ സംബന്ധിച്ച് അടിയന്തിരപ്രമേയം ഉന്നയിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് സഭാനടപടികൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ ഇരുഭാഗത്തുനിന്നും സഹകരണമുണ്ടാകണം.

**അടിയന്തിരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

മി.സ്പീക്കർ: നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം അതിരൂക്ഷമായ സാഹചര്യത്തിൽ ജനങ്ങൾ നേരിടുന്ന പ്രയാസങ്ങളെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, ജോസഫ് എം. പുതുശ്ശേരി, സി.ടി.അഹമ്മദ് അലി, കെ.ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികളെക്കുറിച്ച് സഭയിൽ വിശദീകരിക്കുന്നതിന് സന്ദർഭം ഉണ്ടാക്കി തന്നതിന് അഭിനന്ദിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ യു.പി.എ. ഗവൺമെന്റ് ആറ് തവണ പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിക്കുകയുണ്ടായി. അടുത്തിടെ ഉണ്ടായ വിലവർദ്ധനവിനെതിരെ വമ്പിച്ച ജനകീയ പ്രക്ഷോഭം ഉയർന്നപ്പോൾ നാമമാത്രമായി വിലക്കുറവ് വരുത്തിയെങ്കിലും രാജ്യത്തെ കമ്പോളങ്ങളിൽ അത് പ്രതിഫലിക്കുകയുണ്ടായില്ല. നാണയപ്പെരുപ്പവും പെട്രോൾ, ഡീസൽ വില വർദ്ധനവും കയറ്റിറക്ക് ചെലവുമാണ് സാധനങ്ങൾക്ക് വിലവർദ്ധനവ് സൃഷ്ടിക്കുന്നതിന് പ്രധാന കാരണമായത്. ഇതിന്റെ പ്രതിഫലനം കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിലുമുണ്ടായി. കഴിഞ്ഞ ആറ് മാസത്തിനിടയിൽ 14 ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരവും സ്റ്റോക്കും ഡിസ്പ്ളേ ചെയ്യുന്നതിന് കച്ചവടക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പുന:സ്ഥാപിക്കാതെ ആറ് മാസത്തേയ്ക്ക് നിയന്ത്രണമേർപ്പെടുത്തി. കേന്ദ്ര ഗവൺമെന്റ് ഇറക്കിയ ഉത്തരവ് എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും ബാധകമല്ലാത്തതിനാൽ സംസ്ഥാന ഗവൺമെന്റിന് പൂഴ്ത്തിവയ്പുകാരേയും കരിഞ്ചന്തക്കാരേയും കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന കച്ചവടക്കാരേയും നേരിടാൻ നിയമപരമായ ബുദ്ധിമുട്ടുണ്ട്. എങ്കിലും പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി കടകൾ

പരിശോധിച്ച് വില നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകരമാംവിധം പൊതുവിതരണ സംപ്രദായം ശക്തിപ്പെടുത്താനാവശ്യമായ കേന്ദ്ര സഹകരണത്തിനായി പ്രതിപക്ഷം സമ്മർദ്ദം ചെലുത്തണം. നിത്യോപയോഗ സാധനങ്ങൾ സംഭരിച്ച് സപ്ളൈകോ വഴി വിതരണം നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് മാസമായി ഒരേ വിലനിലവാരത്തിൽ സപ്ളൈകോ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തിവരുന്നു. സംസ്ഥാന ഗവൺമെന്റ് മെഷിനറി ഉപയോഗിച്ച് പരമാവധി ഓപ്പൺ മാർക്കറ്റിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. സൃഷ്ടിപരമായ നിർദ്ദേശങ്ങളോ ഉപദേശങ്ങളോ പ്രതിപക്ഷത്തുനിന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും കമ്പോളത്തിൽ ഇടപെടാൻ സർക്കാർ തയ്യാറാണ്.

<u>ശ്രീ.കെ.സി.വേണുഗോപാൽ</u>: സാധാരണ ജനങ്ങളെ ഗുരുതരമായി ബാധിച്ചിരിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ ഇതുവരെ ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തിനിടയിൽ വില വർദ്ധനവിനെതിരെ ഒരിക്കൽപ്പോലും അടിയന്തിര പ്രമേയം ഉന്നയിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല. ഒരു ഘട്ടത്തിൽ പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ട നികുതി വേണ്ടെന്നു വയ്ക്കാൻ അന്നത്തെ യു.ഡി.എഫ്. സർക്കാർ തയ്യാറായി. ഇന്ന് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം.

മാർക്കറ്റിൽ ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കേണ്ട സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഓരോ സാധനത്തിനും വില വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അരിയുടെ വില ക്രമാതീതമായി വർദ്ധിച്ചു. പാവപ്പെട്ട ആളുകൾക്ക് ക്രിസ്തുമസ്സിന് നൽകാറുണ്ടായിരുന്ന 5 കിലോ അരി ഇത്തവണ കൊടുത്തില്ല. സമസ്ത മേഖലകളിലും വിലവർദ്ധനവുണ്ടാക്കാനുള്ള നടപടിക്ക് ആക്കം കൂട്ടുന്നതല്ലാതെ ഒരുപൈസ പോലും വില കുറയ്ക്കാനുള്ള ശ്രമം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിൽ എൽ.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് വില കുറച്ചുകൊണ്ട് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിച്ച് ജനജീവിതം ദുരിതപൂർണ്ണമാക്കുന്ന ഈ നടപടി വളരെയധികം പ്രതിഷേധാർഹമാണ്. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കമ്പോളത്തിൽ ഇടപെടുന്നതിനുള്ള കേന്ദ്ര നിയമം ഇപ്പോൾ നിലവിലില്ല. ആ നിയമം കൊണ്ടുവരേണ്ടത് സംസ്ഥാന സർക്കാരല്ല. വിലക്കയറ്റം തടയണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിന് ഫാക്സ് അയച്ചിട്ടും കേന്ദ്ര ഗവണ്മെന്റ് ആവശ്യമായ നടപടി സ്വീകരിക്കുകയോ സംസ്ഥാന ഗവണ്മെന്റിന് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന ഭക്ഷ്യ-സിവിൽ സപ്ലൈസ്

വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനത്തെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും നടപടി ഉണ്ടായില്ല. പ്രൈവറ്റ് ട്രേഡേഴ്സിനെ സഹായിക്കുന്ന തരത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ ഒരു മറയാക്കാൻ സർക്കാർ തയ്യാറല്ല. സപ്ലൈകോയിൽ കഴിഞ്ഞ മൂന്ന് മാസക്കാലമായി നിത്യോപയോഗ സാധനങ്ങൾക്ക് സുസ്ഥിരമായ കുറഞ്ഞ വിലയാണ് നില നിൽക്കുന്നത്. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം.മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപ്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു).

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>വൈദ്യുതിബന്ധം വിച്ഛേദിച്ചതുമൂലം തോട്ടം മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: തോട്ടം മേഖലയിൽ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ക്രിയാത്മക നടപടി ഉണ്ടാകാത്തതിന്റെ പ്രത്യക്ഷ പ്രതിഫലനമാണ് തുറന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രോപ് പ്ലാന്റേഷൻ ഫാക്ടറിയിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത്. തോട്ടങ്ങൾ തുറക്കുന്നതിനായി നിരവധി തവണ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ചർച്ചകൾ സംഘടിപ്പിച്ചെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രസക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കാലതാമസ

മുണ്ടാകുന്നു. ചർച്ചയിൽ ഏറ്റവും പ്രധാനമായി ഉയർന്നുവന്ന പ്രശ്നം പൂട്ടിക്കിടക്കുന്ന കാലയളവിലെ മിനിമം ഡിമാന്റ് ചാർജ് ഒഴിവാക്കുക എന്നുള്ളതാണ്. ഉപയോഗിക്കാത്ത കറന്റിന് മിനിമം ഡിമാന്റിൽ ഉൾപ്പെടുത്തി 60 ലക്ഷത്തോളം രൂപ പലിശ സഹിതം ആവശ്യപ്പെട്ടാൽ പ്രതിസന്ധിയിൽ നിൽക്കുന്ന തോട്ടങ്ങൾ ഒരിക്കലും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുകയില്ല. ഇൻസ്റ്റാൾമെന്റായി വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് നൽകിയ അനുമതിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പല തോട്ടങ്ങളും തുറന്നുപ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇൻസ്റ്റാൾമെന്റ് മുടങ്ങിയതുമൂലം ക്രോപ് പ്ലാന്റേഷനിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതിന്റെ ഫലമായി ഫാക്ടറിയുടെ പ്രവർത്തനങ്ങൾ നിലയ്ക്കുകയും 3500-ലധികം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു. 25,000 തൊഴിലാളി കുടുംബങ്ങളുടെ പ്രശ്നം എന്ന നിലയിൽ ഈ വിഷയത്തെ കാണുകയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് ഉപയോഗിക്കാത്ത കാലയളവിലെ വൈദ്യുതിക്ക് മിനിമം ഡിമാന്റ് ചാർജും ഇന്ററസ്റ്റും വേവ് ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും വേണം. വൈദ്യുതി ബന്ധം വിച്ഛേദിക്കുക വഴി പ്രവർത്തനരഹിതമായ ക്രോപ് പ്ലാന്റേഷന്റേയും പുളിക്കാടൻ എസ്റ്റേറ്റിന്റേയും വൈദ്യുതി കണക്ഷൻ തിരിച്ചു നൽകുന്ന തിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ.ഗുരുദാസൻ):</u> ഇവിടെ വിശദീകരിച്ച കാര്യങ്ങൾ വളരെ ഗൗരവമായ പരിഗണനയ്ക്ക് ഗവൺമെന്റ് വിധേയമാക്കിയിരിക്കുകയാണ്. അടച്ചിട്ട 22 തോട്ടങ്ങളിൽ മൂന്നുനാലെണ്ണം ഭാഗികമായി തുറന്നു പ്രവർത്തിക്കുന്നുണ്ട്. മിനിമം ഡിമാന്റ് ചാർജ്ജ് കിഴിച്ചുകൊടുക്കുന്നതു മാത്രമല്ല തോട്ടം ഉടമകളുമായി ചർച്ചകൾ

നടത്തി എല്ലാ തോട്ടങ്ങളും തുറപ്പിക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. തോട്ടം തുറന്നു പ്രവർത്തിപ്പിക്കാൻ സന്നദ്ധരാകാത്ത മുതലാളി മാരുടെ തോട്ടങ്ങൾ ഗവൺമെന്റ് ഏറ്റെടുത്ത് ഏതെങ്കിലും കോർപ്പറേഷൻ വഴിയോ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴിയോ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റാണ് അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും വാണിജ്യ മന്ത്രാലയത്തിന് നല്കിയ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ സെക്രട്ടറി നാളെ ഇവിടെവന്ന് ഈ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാമെന്നും രാജ്യത്താകെയുള്ള തേയിലത്തോട്ടങ്ങളുടെ പുനരുദ്ധാരണ വുമായി ബന്ധപ്പെട്ട് കേരളത്തേയും സഹായിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. മുതലാളിമാർ ഉപേക്ഷിച്ചുപോയ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ടീ ആക്ടിലെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തണമെന്നുള്ള ആവശ്യവും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി മന്ത്രാലയവും പവർ ഡിപ്പാർട്ടു മെന്റും ഇക്കാര്യത്തിൽ വളരെ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി, റവന്യൂ, അഗ്രികൾച്ചർ, ഫൈനാൻസ് എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് തോട്ടങ്ങളെ സഹായിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ജനുവരി മാസം 13-ാം തീയതി കൂടുന്നതാണ്. എല്ലാ തോട്ടങ്ങളും തുറന്ന് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

(2) <u>അക്കൗണ്ടന്റ് ജനറൽ ആഫീസിൽ ഒരു വിഭാഗം ജീവനക്കാർ നടത്തുന്ന പണിമുടക്ക്</u>

<u>ശ്രീ.എം.മുരളി</u>: കേരളത്തിലെ മൂന്നേമുക്കാൽ ലക്ഷത്തോളം വരുന്ന സർവ്വീസ് പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും ചിരകാല സ്വപ്നമാണ് വൺ റാങ്ക് വൺ പെൻഷൻ സ്കീം. കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ച് പെൻഷൻ പരിഷ്ക്കരണംകൂടി നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെൻഷൻകാരുടെ പെൻഷൻ പറ്റിയ ദിവസത്തെ ശമ്പള സ്കെയിലും തസ്തികയും കണ്ടെത്തുക എന്നുള്ളത് ഭാരിച്ച ജോലിയായതിനാൽ അത് ലളിതമാക്കുന്നതിനുവേണ്ടി 1–9–2006–ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതനുസരിച്ച് റിട്ടയർ ചെയ്ത ദിവസത്തെ ശമ്പള സ്കെയിലും തസ്തികയും ഏതെന്ന് കണ്ടെത്തി പുനർനിർണ്ണയം നടത്താനുള്ള ജോലി എ.ജി.–യെ ഏല്പിക്കുകയും അതിനുള്ള സാമ്പത്തിക സഹായമായി രണ്ട് കോടി രൂപയോളം എ.ജി.–യ്ക്ക് കൈമാറുകയും 900 പേർക്ക് പെൻഷൻ റീ ഫിക്സ് ചെയ്തു കൊടുക്കുകയും ചെയ്തു. എ.ജി.–യുടെ ഓഫീസിൽ ഒരു വിഭാഗം ജീവനക്കാർ ഒരു മാസം മുമ്പ് ആരംഭിച്ച സമരത്തെത്തുടർന്ന് 9 മാസം മുമ്പ് നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണം അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ഈ ഗവൺമെന്റ് ഒരു ഭാഗത്ത് വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ആത്മാർത്ഥത കാണിക്കുന്നുവെന്ന് ഭാവിക്കുകയും മറുഭാഗത്ത് രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയും ചെയ്യുന്നു. സമരം പിൻവലിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും ഔദ്യോഗികമായി ഇതുസംബന്ധിച്ച് യാതൊരു അറിവും കിട്ടിയിട്ടില്ലെന്നാണ് എ.ജി. അഭിപ്രായപ്പെട്ടിരിക്കുന്നത്. പെൻഷൻ പരിഷ്ക്കരണം സംബന്ധിച്ച

നടപടികൾ 2006 ഡിസംബർ 31–നുള്ളിൽ പൂർത്തീകരിക്കുമെന്ന് പെൻഷൻകാരുടെ സംഘടനയായ കെ.എസ്.എസ്.പി.യു. ഉൾപ്പെടെയുള്ള വർക്ക് ഗവൺമെന്റ് ഉറപ്പ് നല്കിയെങ്കിലും ഡിസംബർ 31–ന് ഇനി ഏതാനും ദിവസങ്ങൾ മാത്രം അവശേഷിക്കവേ ഇത് നടപ്പിലാക്കാൻ പോകുന്നി ല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. 2007 മാർച്ച് 31–നുള്ളിലെങ്കിലും വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. കാലാകാലങ്ങളിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ പെൻഷൻ കാർക്കും വെയിറ്റേജ് ഇൻക്രിമെന്റ് നല്കാറുണ്ട്. പക്ഷേ ഇപ്രാവശ്യം പെൻഷൻകാരുടെ ശമ്പള പരിഷ്ക്കരണത്തിൽ ആ വെയിറ്റേജ് നല്കിയിട്ടില്ല. സർക്കാർ ജീവനക്കാർക്ക് നല്കിയതുപോലെ പെൻഷൻകാർക്കും വെയിറ്റേജ് ഇൻക്രിമെന്റ് നല്കണം. എങ്കിൽ മാത്രമേ ഭൂരിപക്ഷം വരുന്ന പെൻഷൻ കാർക്കും വൺ റാങ്ക് വൺ പെൻഷൻ പദ്ധതിയുടെയും ശമ്പള പരിഷ്ക്കരണ ത്തിന്റെയും ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു. ഇതുസംബന്ധിച്ച ജോലിക്ക് കെൽട്രോണിനെ എ.ജി ഏല്പിച്ചപ്പോൾ അതിനെ അട്ടിമറിക്കുന്നതിന് ഒരു വിഭാഗം ജീവനക്കാർ നടത്തിയ ശ്രമത്തിൽ ഗവൺമെന്റ് മൗനം പാലിക്കാൻ പാടില്ലായിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ട് എ.ജി.–യുടെ കരങ്ങളെ ശക്തിപ്പെടുത്തി 2007 മാർച്ച് 31–നുള്ളിൽ പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. വൺ റാങ്ക് വൺ പെൻഷൻ സ്കീം നടപ്പിലാക്കിയാലും പെൻഷൻകാരുടെ വെയിറ്റേജ് ആനുകൂല്യം അനോമലിയായി പരിഗണിക്കണം. എത്രയുംവേഗം അനോമലി കമ്മിറ്റി രൂപീകരിച്ച് ശമ്പള പരിഷ്ക്കരണത്തിന്റെയും പെൻഷൻ പരിഷ്ക്കര ണത്തിന്റെയും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി ( ഡോക്ടർ തോമസ് ഐസക്): കേരളത്തിലെ മൂന്ന് ലക്ഷത്തിൽപ്പരം വരുന്ന സർവ്വീസ് പെൻഷൻകാരുടെ ആശങ്ക അകറ്റു ന്നതിനും പെൻഷൻ പൂർണ്ണമായും എല്ലാവർക്കും നല്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനത്തിൽ സർക്കാർ ഇടപെട്ടിരിക്കുകയാണ്. ഇന്നത്തെ പെൻഷൻ പരിഷ്ക്കരണം മുൻകാലങ്ങളെ അപേക്ഷിച്ച് സങ്കീർണ്ണമാണ്. വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് സർവ്വീസിൽനിന്നും വിരമിച്ച സമയത്തെ തസ്തികയുടെ പേര്, അടിസ്ഥാന ശമ്പളം, ശമ്പളസ്കെയിൽ, സേവനകാലം മുതലായവ സംബന്ധിച്ച വിവരങ്ങൾ ആവശ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരമാണ് മുമ്പ് സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. അത് ആക്ഷേ പങ്ങൾക്ക് ഇടവരുത്തുകയും ഇതിന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയി ലാകുകയും ചെയ്തതിനെത്തുടർന്ന് വിവിധ പെൻഷൻ സംഘടനകളുമായി ഇക്കാര്യം ചർച്ച ചെയ്ത് ഇത് ലളിതമാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും പ്രൊവിഷണൽ പെൻഷൻ നൽകാൻ തീരുമാനിച്ചു. സാധാരണഗതിയിൽ ട്രഷറിയിലാണ് ഇത് സംബന്ധിച്ചുള്ള വർക്കുകൾ ചെയ്യുന്നത്. എന്നാൽ ട്രഷറിയിൽ ഇതിനാവശ്യമായ രേഖകൾ ഇല്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലാണ് എ.ജി.-യുടെ ഓഫീസ് മുഖേന ഇത് ചെയ്യാൻ തീരുമാനിച്ചത്. ഒരാളിന്റെ പെൻഷൻ പ്രോസസ്സിന് 60 രൂപ വച്ച് നിശ്ചയിച്ച് അതിന്റെ ചുമതല എ.ജി.-യെ ഏല്പിക്കുകയുണ്ടായി. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 1000 പേർക്ക് കമ്പ്യൂട്ടർ സംവിധാനത്തിലൂടെ വേഗത്തിൽ പെൻഷൻ ഫിക്സ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടതിനെത്തുടർന്ന് സമരം

പിൻവലിക്കാമെന്ന് ഉറപ്പ് നല്കിയിട്ടുണ്ട്. അടുത്ത 4 മാസത്തിനുള്ളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് എല്ലാ സഹായങ്ങളും ഉണ്ടാകും. ശമ്പള പരിഷ്ക്കരണത്തിന്റെയും പെൻഷൻ പരിഷ്ക്കരണത്തിന്റെയും അനോമലി സെൽ പ്രവർത്തിക്കുന്നുണ്ട്. ആ സെല്ലിൽ പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവര പട്ടികയിലെ രണ്ടാമത്തെ ഇനം അനുസരിച്ചുള്ള കടലാസ് മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

**റിപ്പോർട്ട് പരിഗണന**

**ചട്ടം 215 അനുസരിച്ചുള്ള ഉപക്ഷേപം**

സഭ ഒരു ദിവസം കൂടി സമ്മേളിക്കണമെന്ന ആവശ്യം

ശ്രീ. കെ.എം. മാണി: " കാര്യോപദേശക സമിതി റിപ്പോർട്ടിൽ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കുന്നതിന് അനുവദിച്ചിരിക്കുന്ന സമയം പര്യാപ്തമല്ല. ബില്ലിന്റെ ചർച്ചയ്ക്ക് ഒരു ദിവസം കൂടി അനുവദിക്കണം." 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ സംബന്ധിച്ച ചർച്ചയ്ക്ക് ഒരു ദിവസം കൂടി അവസരം നല്കണമെന്ന് കാര്യോപദേശക സമിതിയിൽ വളരെ ശക്തമായി ആവശ്യപ്പെടുകയുണ്ടായി. ഇപ്പോൾ മൂന്ന് ദിവസത്തേയ്ക്കാണ് സഭ സമ്മേളിച്ചത്. ചോദ്യോത്തരവേളയും സബ്മിഷനും ഇല്ല, അടിയന്തിര പ്രമേയ ചർച്ചയ്ക്കുപോലും സൗകര്യമില്ല. ബിൽ തന്നെ

ഇപ്പോൾ സർക്കുലേറ്റ് ചെയ്തതേ ഉള്ളു. ക്ലാസ് ബൈ ക്ലാസ് ചർച്ചയ്ക്കു വേണ്ടിയുള്ള ഭേദഗതികൾ പ്രോസസ്സ് ചെയ്ത് വരണമെങ്കിൽ 5 മണിയാകു മെന്നാണ് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്ന് അറിയാൻ കഴിഞ്ഞത്. മെമ്പർമാർക്ക് ഇതെല്ലാം വായിക്കുവാനുള്ള സമയംപോലുമില്ല. എല്ലാം കൂടി വളരെ വേഗത്തിൽ തീർത്ത് നിയമനിർമ്മാണം നടത്തണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. കേരളത്തിലെ കൃഷിക്കാരുടെ കാർഷിക പ്രശ്നങ്ങൾ ഇതിലൂടെ ചർച്ച ചെയ്യണമെന്നാണ് പ്രതിപക്ഷത്തിന്റെ ഉദ്ദേശം. അതിനുള്ള സാവകാശം വേണം, അതിനുവേണ്ടി ഒരു ദിവസം കൂടി സഭ സമ്മേളിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): സാധാരണ കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് വരുന്നത് പരസ്പര ധാരണയുടെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധമായ കാര്യങ്ങൾ ബി.എ.സി. മീറ്റിംഗിൽ ചർച്ച ചെയ്ത് കൺവിൻസിംഗ് ആയിട്ടുള്ള രൂപത്തിൽ തയ്യാറാക്കണ മെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പക്ഷേ എന്തുകൊണ്ടോ അതിന് സാധിച്ചില്ല. നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ തുറന്ന സമീപനമാണ് ഗവൺമെന്റി നുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് നല്കിയ ഉറപ്പനുസരിച്ച് 2006-ൽത്തന്നെ ഈ ബിൽ പാസ്സാക്കുന്നതാണ്. ഈ ബിൽ സഭയിൽ അവതരിപ്പിച്ച് വിശദമായി ചർച്ച നടത്തി സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് ജനങ്ങളുടെ അഭിപ്രായങ്ങൾകൂടി കേട്ടിട്ടാണ് റിപ്പോർട്ട് സഭയിൽ വന്നിട്ടുള്ളത്. നാളിതുവരെയുള്ള ചരിത്രത്തിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമായ ബില്ലുകളെല്ലാം ഒരു ദിവസം മാത്രമാണ് സഭയിൽ ചർച്ച ചെയ്തിട്ടുള്ളത്. പ്രതിപക്ഷം സഭയെ തെറ്റിദ്ധരി

പ്പിക്കുകയാണ് ചെയ്യുന്നത്. ഡിസന്റ് അവതരിപ്പിക്കാം. അതു കഴിഞ്ഞ് ചർച്ചയും പിന്നെ ഭേദഗതികളും അവതരിപ്പിക്കാം. ഇന്നും നാളെയും പൂർണ്ണമായിട്ടെടുക്കാം.

ശ്രീ. കെ.എം. മാണി: ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തെ എതിർക്കുന്നു. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ വിശദമായി ചർച്ച ചെയ്യുന്നതിനുവേണ്ടി പ്രതിപക്ഷം അവസാന നിമിഷംവരെ പൊരുതുകതന്നെ ചെയ്യും.

ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ഭേദഗതി 27-നെതിരെ 72 വോട്ടുകളോടെ സഭ നിരാകരിച്ചു.

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ
കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

റൂൾ വേവ് ചെയ്യുന്നത് സംബന്ധിച്ച്

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ സഭയിൽ ചർച്ചയ്ക്ക് വന്നെങ്കിലും അംഗങ്ങൾക്ക് പഠിക്കുവാനോ ഭേദഗതി അവതരിപ്പിക്കുവാനോ സമയം കിട്ടിയിട്ടില്ല. ഇത് റൂൾ 79-ന്റെ ലംഘനമാണ്. ഈ കാര്യത്തിൽ സ്പീക്കർ റൂൾ വേവ് ചെയ്യാൻ പാടില്ല. സഭ കൂടിക്കൊണ്ടിരിക്കുമ്പോൾ നിവൃത്തിയില്ലാത്ത സാഹചര്യത്തിലാണെങ്കിൽ സ്പീക്കർക്ക് റൂൾ 79 അനുസരിച്ച് വേവ് ചെയ്യാവുന്നതാണ്. അസംബ്ളി കൂടാത്ത സമയത്താണ് റിപ്പോർട്ട് വയ്ക്കുന്നതെങ്കിൽ റൂൾ വേവ് ചെയ്യാൻവേണ്ടി സ്പെസിഫിക്കായി വച്ചിട്ടുള്ള പ്രൊവിഷനാണ് റൂൾ 205. നേരത്തെ ഇത് സർക്കുലേറ്റ് ചെയ്യാനുള്ള അവസരമുണ്ടായിരുന്നിട്ടും സർക്കുലേറ്റ് ചെയ്യാതെ റൂൾ 79 അനുസരിച്ച് വേവ് ചെയ്യാൻ ആവശ്യപ്പെടുന്നത് റൂളിന് വിരുദ്ധമാണ്. സഭയുടെ അവകാശ ലംഘനമാണ്. രണ്ട് ക്ളിയർ ഡേയ്സ് കിട്ടാൻ അവസരം കൊടുക്കണം. അതുകൊണ്ട് ഈ ബില്ലിന്റെ പരിഗണന മാറ്റി വയ്ക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: റൂൾ 205-ൽ പറഞ്ഞിരിക്കുന്നതിനനുസരിച്ചുതന്നെയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഈ ബിൽ എത്രയും വേഗം ചർച്ച ചെയ്ത് പാസ്സാക്കുന്നതിനുവേണ്ടിയാണ് ബിൽ സെലക്ട് കമ്മിറ്റിക്കയച്ച് അതിന്റെ നടപടിക്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി ഇപ്പോൾ സഭ ചേരുന്നതുതന്നെ. ഈ സാഹചര്യത്തിൽ തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ല. ഈ ബിൽ ചർച്ച ചെയ്ത് പാസ്സാക്കി കേരളത്തിലെ കർഷക സമൂഹത്തെ സഹായിക്കണം.

<u>മി.സ്പീക്കർ:</u> റൂൾ 205 പ്രകാരം റിപ്പോർട്ടുകൾ നേരത്തെ പ്രിന്റു ചെയ്ത് സർക്കുലേറ്റ് ചെയ്യാവുന്നതാണ്. എന്നാൽ ഈ ബിൽ സെലക്ട്

കമ്മിറ്റിക്കു വിട്ടത് ഈ അസംബ്ളിയാണ്. അതുകൊണ്ട് ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ട് അസംബ്ളിയിൽ പ്രസന്റ് ചെയ്യുന്നതാണ് ഏറ്റവും ഉചിതമെന്നു തോന്നിയതുകൊണ്ടുതന്നെയാണ് അങ്ങനെ തീരുമാനിച്ചത്.

ശ്രീ. കെ.എം. മാണി: ഭരണഘടനാപരമായ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട് ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയില്ല. ബില്ലിലെ 13-ാമത്തെ ക്ളാസിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശം നല്ലതാണെങ്കിലും ആ ഉദ്ദേശം സാധിക്കണമെങ്കിൽ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കണം. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായിട്ടുള്ള കേന്ദ്ര ധനകാര്യ സ്ഥാപനങ്ങൾ 13-ാം വകുപ്പിന്റെ പർവ്യൂവിൽ വരും. ഈ വകുപ്പിന് പ്രാബല്യം കിട്ടണമെങ്കിൽ സംസ്ഥാന ഗവൺമെന്റും ആ സ്ഥാപനങ്ങളും തമ്മിലുള്ള ഒരു കൺസെന്റ് വേണം. ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ അങ്ങനെയുള്ള സ്ഥാപനങ്ങളുമായി ചർച്ച നടത്തി മ്യൂചൽ കൺസെന്റിൽ എത്തിയിട്ടുള്ളതായി പറഞ്ഞിട്ടില്ല. വേണ്ടത്ര ഹോംവർക്കില്ലാതെയും ലീഗലായിട്ടുള്ള സ്ക്രൂട്ടിനിയില്ലാതെയും ചില വ്യവസ്ഥകൾ എഴുതിച്ചേർത്തിരിക്കുന്നതുകൊണ്ട് ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാം. നിയമപരമായി പ്രാബല്യം കിട്ടുന്ന വിധത്തിൽ മാത്രമേ നിയമനിർമ്മാണം നടത്താവൂ. ഈ ധനകാര്യ സ്ഥാപനങ്ങളുടെ കൺസെന്റില്ലാതെയും റെസ്ട്രിക്ഷൻസ് പാലിക്കാതെയും കൊണ്ടുവന്നിരിക്കുന്ന ഈ വ്യവസ്ഥ ഓർഡറിലല്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഏറ്റവും വേഗത്തിൽ ഈ ബിൽ പാസ്സാക്കി പരമാവധി കൃഷിക്കാർക്ക് ആശ്വാസം കൊടുക്കാനുള്ള ഉദ്ദേശമാണ് ഗവണ്മെന്റിനുള്ളത്. അതിനുള്ള നടപടികളുടെ ഭാഗമായാണ് 2006 ഡിസംബർ 31-നു മുമ്പ് ഈ നിയമം പാസ്സാക്കാൻ തീരുമാനിച്ചത്.

നിയമപരമായി പരിശോധിക്കേണ്ട കാര്യങ്ങൾ പരിശോധിച്ചുതന്നെയാണ് ഓരോ നടപടിക്രമങ്ങളും ചെയ്തിട്ടുള്ളത്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നതാണ്. ഭേദഗതികൾ ഉന്നയിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ ഇനിയും ഉൾക്കൊള്ളേണ്ട കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ്.

<u>മി.സ്പീക്കർ</u>: റവന്യൂ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.എം.മാണി ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

<u>ശ്രീ.കെ.സി.ജോസഫ്</u>: വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. പരിമിതമായ ലക്ഷ്യത്തോടുകൂടിയാണെങ്കിലും കർഷക കടാശ്വാസ കമ്മീഷൻ ബിൽ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. എന്നാൽ ഈ ബിൽ കൃഷിക്കാരുടെ പ്രതീക്ഷ സഫലീകരിക്കുന്നതല്ല. ഇത്രയും ധൃതിപിടിച്ച് ഈ ബിൽ പാസ്സാക്കേണ്ട ആവശ്യമില്ലായിരുന്നു. ഈ ബില്ലിന്റെ പേര് 'കർഷക കടാശ്വാസ കമ്മീഷൻ ബിൽ' എന്നു മാറ്റിയത് സ്വാഗതാർഹമാണ്. അതുവഴി കൃഷിക്കാരുടെ എല്ലാ കടങ്ങളും ഇതിൽ ഉൾപ്പെടും. 'കർഷകൻ' എന്ന വാക്കിന് സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ഡെഫനിഷൻ അംഗീകരിച്ചതും കർഷകനായി കണക്കാക്കാൻ നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കണമെന്നുള്ള വ്യവസ്ഥയും 'കടം' എന്നതിന്റെ ഡഫനിഷനിൽ 'ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ സഹകരണ സംഘത്തിനോ ഒരു കടക്കാരൻ കൊടുക്കേണ്ടതായ ഏതൊരു തുകയും എന്നു പറഞ്ഞിരിക്കുന്നതും ഒരു

കർഷകൻ ഉത്തമർണ്ണനിൽനിന്നും വാങ്ങിയ ഏതൊരു തുകയും ഉൾപ്പെടുന്നു' എന്നുള്ളതും നല്ല കാര്യമാണ്. എന്നാൽ ഉത്തമർണ്ണ സ്ഥാപനങ്ങളിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്താതിരിക്കുന്നത് ശരിയായ നടപടിയല്ല. ഇത് സ്വകാര്യ പണമിടപാടുകാരെ സഹായിക്കുന്ന നടപടിയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ): കൃഷിക്കാർ കൂടുതൽ വായ്പയെടുത്തിട്ടുള്ളത് സഹകരണ സംഘങ്ങളിൽ നിന്നാണ്. ഉത്തമർണ്ണ സ്ഥാപനങ്ങൾ എന്ന് പറയുമ്പോൾ അതിൽ സഹകരണ സംഘങ്ങളും ഉൾപ്പെടുമെന്നാണ് നിയമ വകുപ്പിന്റെ ഉപദേശം. എന്നാൽ സഹകരണ സംഘങ്ങളുടെ കാര്യം വ്യക്തമായി പറയണമെന്നുള്ള സെലക്ട് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഒഫിഷ്യൽ അമെന്റ്മെന്റായി ഇക്കാര്യം അവതരിപ്പി ക്കുന്നുണ്ട്.

ശ്രീ.കെ.സി.ജോസഫ്: ഇന്നലെ അവതരിപ്പിച്ച ബില്ലിൽ സഹകരണ സംഘങ്ങൾ ഉൾപ്പെട്ടിരുന്നില്ല. അതാണ് ഇപ്പോൾ ഇക്കാര്യം ഉന്നയിച്ചത്. ഈ കമ്മീഷനിൽ ഗവണ്മെന്റിനുള്ള പങ്ക് എന്താണെന്ന് വ്യക്തമല്ല. 2006 ജൂൺ മാസത്തിൽ ഈ ഗവണ്മെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ കാർഷിക കടാശ്വാസ കമ്മീഷനും കാർഷിക കമ്മീഷനും രൂപം നൽകുന്നതിന് 156 കോടി രൂപയാണ് വകയിരുത്തിയത്. എന്നാൽ ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ഡത്തിൽ വെറും 70 ലക്ഷം രൂപയാണ് നീക്കിവച്ചത്. അതും കമ്മീഷൻ അംഗങ്ങളുടെ ശമ്പളം, ടി.എ. എന്നിവയ്ക്ക് മാത്രമാണ്. സഹകരണ സ്ഥാപനങ്ങളും മറ്റും കൃഷിക്കാർക്ക് കൊടുത്ത വായ്പയ്ക്ക് ഇളവ് കൊടുക്കുമ്പോൾ ആ സ്ഥാപനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക

നഷ്ടം നികത്തുന്നതിന് ഈ ബില്ലിൽ തുകയൊന്നും വകയിരുത്തി യിട്ടില്ലാത്തതിനാൽ ഈ കമ്മീഷന്റെ പ്രവർത്തനഫലമായി സഹകരണ സ്ഥാപനങ്ങൾക്ക് നഷ്ടമുണ്ടാവുകയും അവ തകർച്ചയെ നേരിടുകയും ചെയ്യും. മാത്രമല്ല ഈ സാഹചര്യം മുതലെടുത്ത് സ്വകാര്യപണമിടപാടുകാർ വളരും. ഗവണ്മെന്റ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന 156 കോടി രൂപയിൽ 100 കോടി രൂപയെങ്കിലും കടാശ്വാസ കമ്മീഷനുള്ള കോർപ്പസ് ഫണ്ടായി മാറ്റിവച്ച് സഹകരണസംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തണം. അത്തരം ഫണ്ടുണ്ടെങ്കിൽ ദേശസാൽക്കൃത ബാങ്കുകളായ എസ്.ബി.ടി., എസ്.ബി.ഐ എന്നിവയേയും ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയും. കൃഷിക്കാർക്ക് ലഭിക്കുന്ന വായ്പകളിൽ 50 ശതമാനത്തോളം നൽകുന്നത് ദേശസാൽക്കൃത ബാങ്കുകളാണ്. അതിനാൽ അത്തരം സ്ഥാപനങ്ങളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരികയും അതിന്മേലുള്ള നിയമപ്രശ്നം മറികടക്കുന്നതിന് ഒരു കോർപ്പസ് ഫണ്ട് സ്വരൂപിക്കുകയും ചെയ്താൽ ഈ ബിൽ ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയും. വകുപ്പ് 5–ൽ കമ്മീഷന്റെ ചുമതലകളായി പറയുന്നത് 'സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും, അനുരഞ്ജനം ഏറ്റെടുക്കുന്ന തിനും, അവാർഡുകൾ പാസ്സാക്കുന്നതിനും' എന്നൊക്കെയാണ്. ഇതൊരു ക്വാസി ജുഡീഷ്യൽ ബോഡിയായിരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. ന്യായമാണെന്നുകണ്ടാൽ കടം എഴുതിത്തള്ളുന്നതിനുള്ള അധികാരം കമ്മീഷനുണ്ടായിരിക്കണം. സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ വായ്പ കൊടുക്കുമ്പോൾ ബ്ളാങ്ക് ചെക്ക് ഒപ്പിട്ടുവാങ്ങുകയും വായ്പ അടച്ചി ല്ലെങ്കിൽ ബ്ളാങ്ക് ചെക്കിൽ കൂടുതൽ തുക എഴുതിച്ചേർത്ത് കർഷകരെ

കോടതിയിൽ എത്തിക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു. അത് തടയുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തണം. ഈ ബില്ലിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിന്റെ പ്രൊവിഷൻ കൊണ്ടുവരണം. അല്ലെങ്കിൽ സ്വകാര്യപണമിടുകാർ കൊടുക്കുന്ന വായ്പകൾ കർഷക കടാശ്വാസ കമ്മീഷന് പരിശോധിക്കാൻ കഴിയുകയില്ല. കേരളത്തിലെ കൃഷിക്കാർക്ക് സമഗ്രമായ കടാശ്വാസം ഈ നിയമത്തിലൂടെ ഉണ്ടാകാൻ പോകുന്നില്ല. അൽപ്പംകൂടെ സമയമെടുത്ത് ചർച്ച ചെയ്തെങ്കിൽ ഈ ബിൽ ഫലവത്താകുമായിരുന്നു. ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ.എം.മുരളി</u>: സെലക്ട് കമ്മിറ്റി ചെയർമാനെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ ബിൽ കൊണ്ടുവരുന്നതിനുവേണ്ടി എടുത്ത പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. സെലക്ട് കമ്മിറ്റിയിൽത്തന്നെ സഹകരണ സ്ഥാപനങ്ങളെ ഉത്തമർണ്ണൻ എന്നതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതാണ്. അത് ഇതിൽ വരാതെപോയത് അപാകതയാണ്. അത് പരിഹരിക്കുന്നതിന് മന്ത്രി ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നതിനെ സ്വാഗതം ചെയ്യുന്നു. റവന്യൂ വകുപ്പുമന്ത്രി ചില നടപടികൾകൂടി സ്വീകരിച്ചാൽ ഈ നിയമം വളരെ ഫലവത്താകും. കർഷക സമൂഹത്തിന്റെ പ്രതീക്ഷകൾ ഈ ബില്ലിലൂടെ നിറവേറ്റണം. കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് അടിയന്തിര ആശ്വാസം നൽകുന്നതിന് സിവിൽ കോടതിയുടെ അധികാരം കമ്മീഷന് നൽകണം. 2001–ൽ പ്രസിഡന്റിന്റെ അസന്റില്ലാതെ കൊണ്ടുവന്ന നിയമത്തിലൂടെ കാർഷിക വായ്പകൾക്ക് ആറുമാസത്തെ മൊറട്ടോറിയം ലഭിച്ചു. ഈ ബിൽ പാസ്സാക്കിയിട്ട് പ്രസിഡന്റിന്റെ അസന്റിന് വേണമെങ്കിൽ ശ്രമിക്കാം. ധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണം ആർ.ബി.ഐ.ക്കായതിനാൽ അവരുമായി

നെഗോഷിയേഷൻ ആവശ്യമില്ല. കടാശ്വാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. കടാശ്വാസം നൽകുന്നതുവഴി സഹകരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണം. തമിഴ്നാട് ഗവൺമെന്റ് 2400 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഏറ്റെടുത്തുകൊണ്ട് കർഷകരെ രക്ഷിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഇതിനായി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കണം. അതിനുവേണ്ട വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തി കമ്മീഷനെ ശാക്തീകരിക്കണം. അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഇതിനായി കൂടുതൽ തുക ഉൾപ്പെടുത്തണം. ഒരു പ്രദേശത്തെ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ കമ്മീഷന് അധികാരം കൊടുക്കണം. കമ്മീഷൻ നിർണ്ണയം നടത്തി ഗവൺമെന്റ് തീരുമാനം എടുക്കണമെന്നത് യുക്തമല്ല. ദുരിതബാധിത കർഷകനായി പ്രഖ്യാപിക്കാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമായാൽ ഈ നിയമംകൊണ്ട് വ്യക്തിഗത കൃഷിക്കാരന് ഒരു പ്രയോജനവും ഉണ്ടാകില്ല. മൂലനിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി റൂൾസ് ഉണ്ടാക്കിയാൽ നിലനിൽക്കുകയില്ല എന്നതുകൊണ്ട് ഇതിനനുസൃതമായ മാറ്റങ്ങൾ നിയമത്തിൽ വരുത്തണം. ദുരന്തബാധിത പ്രദേശം, ദുരന്തബാധിത വിള എന്നിവ കമ്മീഷന്റെ ശുപാർശ അനുസരിച്ച് പ്രഖ്യാപിക്കാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതിൽ കുഴപ്പമില്ലെങ്കിലും വ്യക്തിഗത അപേക്ഷയിന്മേൽ തീർപ്പുകല്പിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്നത് കർഷകന്റെ നാശത്തിന് കാരണമാകും. വ്യക്തിഗത അപേക്ഷകൾ നേരിട്ട് പരിഗണിക്കുന്നതിന് കമ്മീഷന് അധികാരം നൽകണം. ഈ നിയമം നടപ്പിലാക്കുന്നതുവഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത നിർവ്വഹിക്കാനായി ഒരു കോർപ്പസ് ഫണ്ട്

രൂപീകരിക്കണം. നാമമാത്രമായ ചെറുകിട കർഷകരുടെ കടബാധ്യത എഴുതിത്തള്ളുന്നതിന് മൂലനിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തണം. സെറ്റിൽമെന്റ് വന്നാൽ പലിശ ഇളവുചെയ്ത് മുതൽ മാത്രം മൂന്നുവർഷത്തിനുള്ളിൽ തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥ ഏർപ്പെടുത്തണം. കമ്മീഷന്റെ തീരുമാനങ്ങൾ നടപ്പാക്കാനുള്ള അധികാരം കമ്മീഷന് കൊടുത്തുകൊണ്ടുള്ള വ്യവസ്ഥകൾ മൂലനിയമത്തിൽ ഉൾപ്പെടുത്തണം. ഒരു അപേക്ഷ ലഭിച്ചാൽ അത് തീർപ്പാക്കാനുള്ള കാലാവധി മൂലനിയമത്തിൽ പറയണം. ഒരു കാരണവശാലും അസ്സൽ മുതലിനെക്കാൾ പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ വരാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തണം. വിലത്തകർച്ചയുണ്ടാകുമ്പോൾ വ്യക്തിഗത കർഷകർക്ക് കടാശ്വാസ നിയമത്തിന്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യത്തിൽ അവരെ രക്ഷിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തണം. അസ്സൽ മുതൽ എത്രയെന്ന് കണ്ടെത്തി അവിടെവച്ചുതന്നെ ലയബിലിറ്റി ഫിക്സ് ചെയ്യാനുള്ള അധികാരം കമ്മീഷന് നൽകണം. ഇതിനായി ഒരു പ്രത്യേക വകുപ്പ് ബില്ലിൽ ഉൾപ്പെടുത്തണം. പലിശയും പിഴപ്പലിശയുമുൾപ്പെടെ തുക ഈടാക്കി ക്കൊണ്ട് റീ ഷെഡ്യൂൾ ചെയ്ത് രേഖയുണ്ടാക്കുന്നത് തടയാനും പഴയ ലോൺ ക്ളോസ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം. മലയോര മേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവരെ കടക്കെണിയിൽനിന്ന് രക്ഷിക്കാനുമുള്ള. അധികാരം കമ്മീഷന് കൊടു ക്കണം. അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ വന്ന് കർഷകരിൽ നിന്നും ആധാരം തീറെഴുതി വാങ്ങുന്നവരേയും സാമ്പത്തിക ഇടപാടുകൾ നടത്തി അവരെ ബുദ്ധിമുട്ടിക്കുന്നവരേയും നിയന്ത്രിക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. കർഷകസംഘങ്ങൾക്ക് വരുന്ന നഷ്ടം ഗവണ്മെന്റ്

നികത്തി അവയുടെ നിലനിൽപ്പ് ഉറപ്പുവരുത്താനും വായ്പയെടുത്ത കർഷകരെ രക്ഷിക്കാനും കഴിയണം. ഷെഡ്യൂൾഡ് ബാങ്കുകളുൾപ്പെടെയുള്ള ന്യൂ ജനറേഷൻ ബാങ്കുകളെ ഈ ബില്ലിന്റെ നിയന്ത്രണത്തിലാക്കാമോ യെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. കാർഷിക കടാശ്വാസ കമ്മീഷനെ എല്ലാ അധികാരങ്ങളുമുള്ള ഒരു കോടതിയാക്കി മാറ്റാൻ ശ്രമിക്കണം.

ശ്രീ. അടൂർ പ്രകാശ്: ഈ ബിൽ കുറ്റമറ്റതാക്കി കേരളത്തിലെ കർഷകരെ ദുരിതത്തിൽനിന്ന് രക്ഷിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പ്രതിപക്ഷാംഗങ്ങൾ നൽകിയ പല ഭേദഗതികളും ഒഫിഷ്യൽ അമെന്റ്മെന്റ് ആയി അംഗീകരിച്ചതിനെയും സഹകരണ ബാങ്കുകളെ ബില്ലിൽ ഉൾപ്പെടുത്താൻ എടുത്ത തീരുമാനത്തേയും സ്വാഗതം ചെയ്യുന്നു. വായ്പ എടുത്ത മുതലിനേക്കാൾ കവിഞ്ഞ പലിശ പൂർണ്ണമായി എഴുതിത്തള്ളുന്ന തിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. ഗ്രാമീണ കാർഷിക ബാങ്കുകളെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. കമ്മീഷന്റെ അധികാരം പുനർനിർണ്ണയം ചെയ്യണം. ദുരന്തബാധിത പ്രദേശവും ദുരന്ത ബാധിത വിളകളും പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മൂലനിയമത്തിൽ ഉൾപ്പെടുത്തണം. ദുരന്ത ബാധിത വിള സംബന്ധിച്ച് ഏതു തരത്തിലുള്ള ദുരന്തമാണെന്ന് ബില്ലിൽ ഡിഫൈൻ ചെയ്യണം. കോർപ്പസ് ഫണ്ട് രൂപീകരിച്ചുകൊണ്ട് ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നുള്ള കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണം. ഈ ബില്ലിന്റെ ക്ലാസ് ബൈ ക്ലാസ് ചർച്ചാവേളയിൽ ഈ കാര്യങ്ങൾകൂടി പരിഗണിച്ച് അനുകൂലമായ തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ.കെ.കെ.ഷാജു: കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ബിൽ വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ ധൃതി

പിടിച്ചാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. മൊറട്ടോറിയത്തിന്റെ കാലാവധി വീണ്ടും ആറുമാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കാവുന്നതേയുള്ളൂ. സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപകരുടെയും നബാർഡുപോലുള്ള ഏജൻസികളുടെയും പണമാണുള്ളത്. കൃഷിക്കാർക്ക് കൊടുക്കുന്ന കടത്തിന്റെ ഉത്തരവാദിത്വം ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയുമെങ്കിൽ കമ്മീഷനൊന്നുംവേണ്ട, സാധാരണ നോട്ടിഫിക്കേഷൻ മതി. ബില്ലിന്റെ 13-ാം വകുപ്പിലെ വ്യവസ്ഥകളും മന്ത്രിയുടെ പ്രസ്താവനയും തമ്മിൽ വൈരുദ്ധ്യ മുണ്ട്. ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളതുപോലെ വായ്പ പുതുക്കി ക്കൊടുത്തതാണെന്ന് ഒരു ബാങ്കും പറയില്ല. അതുകൊണ്ട് ഡിസംബർ 31-നു മുമ്പ് നടപ്പിലാക്കാൻ ശ്രമിക്കുന്ന ഈ നിയമത്തിന്റെ പ്രയോജനം കേരള ത്തിലെ കർഷകർക്ക് ലഭിക്കാൻ പോകുന്നില്ല. ഇത് കേന്ദ്ര സ്ഥാപനങ്ങളു മായി ബന്ധപ്പെടുന്ന ഒരു പ്രശ്നമാണെന്നുള്ളതുകൊണ്ടും കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ നട്ടെല്ല് തകർക്കുന്ന ഒരു നിയമമാണെന്നുള്ള തുകൊണ്ടും ഇതിലൊരു കോർപ്പസ് ഫണ്ട് വയ്ക്കുകയും അതിനാവശ്യമായ പ്രത്യേക സെസ്സ് ഏർപ്പെടുത്തുകയും ചെയ്യണം. കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ഈ ബില്ലിൽ അവരെ സഹായി ക്കാൻ ഈ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തണം.

ശ്രീ.റോഷി അഗസ്റ്റിൻ: 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് വിയോജനക്കുറിപ്പ് രേഖപ്പെടു ത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിലായി സെലക്ട് കമ്മിറ്റി നടത്തിയ തെളിവെടുപ്പിൽ കർഷകർ ചൂണ്ടിക്കാണിച്ച അഭിപ്രായങ്ങൾ പൂർണ്ണമായും ശരിയാണ്. എന്നാൽ തക്കതായ ആശ്വാസം കർഷകർക്ക് നൽകാൻ ഈ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമല്ല. സെലക്ട് കമ്മിറ്റി

റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്ന സമയത്ത് സൂചിപ്പിച്ച ഭേദഗതികളും മാറ്റങ്ങളും ഒഴിവാക്കിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു പകരം സംശയകരമായ സാഹചര്യം സൃഷ്ടിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. സഹകരണ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങളിൽനിന്നും കടമെടുത്ത കർഷകർക്ക് പണം തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ അവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ സംശയമുളവാക്കുന്നതാണ്. കടാശ്വാസംമൂലം സഹകരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്താനാവശ്യമായ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണം. ദുരിത ബാധിതമാണെന്ന പ്രഖ്യാപനം ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകാതെ കടാശ്വാസത്തിന് അപേക്ഷ നൽകാൻപോലും കർഷകന് കഴിയാത്ത സ്ഥിതിയാണുള്ളത്. കാർഷികവായ്പപ്പലിശ എഴുതിത്തള്ളാനുള്ള തീരുമാനവും ആറുമാസത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതും സ്വാഗതാർഹമാണ്. ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് ആശ്വാസമായി അനുവദിച്ച തുക മുഴുവൻ അതാത് ധനകാര്യ സ്ഥാപനങ്ങളാണ് നൽകിയിട്ടുള്ളത്. ഈ നിലപാട് തുടർന്നാൽ ധനകാര്യ സ്ഥാപനങ്ങളുടെ സമൂല നാശമായിരിക്കും ഫലം. ആത്മഹത്യ ചെയ്ത മുഴുവൻ കർഷകരുടേയും കുടുംബങ്ങൾക്ക് 50,000 രൂപ വീതം ആശ്വാസം നൽകാൻ കഴിയാതെ അവരെ കബളിപ്പിക്കുകയാണ് ഈ സർക്കാർ ചെയ്തത്. അധികാരത്തിൽ വന്ന് നാളിത്രയായിട്ടും മുഴുവൻ കർഷകർക്കും ആശ്വാസമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. മുൻകാല പ്രാബല്യത്തോടെ അവർക്ക്

ആശ്വാസമെത്തിക്കാൻ സർക്കാരിനു കഴിയണം. ഇനി കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യാതിരിക്കാനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നതെങ്കിൽ ഇതിന്റെ ഭാഗമായി കേരളത്തിൽ എത്ര കർഷകർക്ക് ആനുകൂല്യം ലഭിക്കുമെന്നതിനെക്കുറിച്ചുള്ള ചർച്ചയാണ് ആവശ്യം. ദുരിത ബാധിത കർഷകൻ കമ്മീഷൻ മുമ്പാകെ കടാശ്വാസത്തിന് അപേക്ഷ നൽകിയാൽ നിരവധി കടമ്പകൾ കടന്ന് ആശ്വാസം ലഭിക്കണമെങ്കിൽ കാലതാമസമുണ്ടാകും. അതുകൊണ്ട് സഹകരണ ബാങ്കുകളിൽനിന്നോ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നോ സഹായം കിട്ടുന്നതിനുള്ള വ്യവസ്ഥകളും മാർഗ്ഗങ്ങളും ബില്ലിൽ പരാമർശിക്കേണ്ടതാണ്. വായ്പയുടെ പലിശ കുറച്ചുകൊണ്ട് കർഷകരെ സംരക്ഷിക്കാനുതകുന്ന ഒരു സംവിധാനം ഈ ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. പ്രകൃതി ദുരന്തംമൂലം അത്യാഹിത മുണ്ടാകുന്ന സ്ഥലങ്ങളിലെ കർഷകർക്ക് ആശ്വാസം നൽകുന്ന തരത്തിലാണ് ഈ ബില്ലിന് രൂപകല്പന ചെയ്തിരിക്കുന്നത്. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയും രോഗബാധയും ഉത്പാദനനഷ്ടവും നിമിത്തം ധനാഗമമാർഗ്ഗം അടഞ്ഞ കർഷകർക്ക് പരിരക്ഷ ലഭിക്കാനാവശ്യമായ വ്യവസ്ഥകൂടി ഉൾപ്പെടുത്തണം. ഈ ബിൽ കുറേക്കൂടി സുതാര്യ മാക്കേണ്ടിയിരിക്കുന്നു. കടാശ്വാസ നിയമപ്രകാരം കൃഷിക്കാരന് സഹായം നൽകുന്നതുമൂലം ദേശവൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും ഉണ്ടാകാവുന്ന നഷ്ടം ഭാഗികമായെങ്കിലും നികത്തുന്നതിന് സർക്കാരിന്റെ കോൺട്രിബ്യൂഷൻ ആവശ്യമാണ്. ഇതിലേയ്ക്കായി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. ചെറുകിട നാമമാത്ര കർഷകരുടെ വായ്പയ്ക്കുള്ള മൊറട്ടോറിയത്തിന്റെ കാലാവധി ഒരു വർഷംകൂടി

നീട്ടിക്കൊടുക്കണം. ചെറുകിട-നാമമാത്ര കർഷകർ എടുത്തിട്ടുള്ള വായ്പയുടെ മുതലും പലിശയും എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കണം. രണ്ട് ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ എടുത്തിരിക്കുന്ന ലോണിന്റെ പലിശ ഒഴിവാക്കിക്കൊടുക്കുകയും കാലാവധി ദീർഘിപ്പിക്കുകയും തവണകൾ ഗഡുക്കളായി അടയ്ക്കാനുള്ള സംവിധാന മേർപ്പെടുത്തുകയും ചെയ്യണം. കർഷക ആത്മഹത്യ പെരുകാതിരി ക്കണമെങ്കിൽ കുറഞ്ഞ പലിശനിരക്കിൽ ലോൺ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ കർഷകർക്ക് പ്രയോജനകരമാകുന്ന തരത്തിൽ ബില്ലിൽ ഭേദഗതി വരുത്തണം. കർഷകർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്ന തരത്തിൽ സർക്കാരിന്റെ പങ്കാളിത്തം ഉറപ്പു വരുത്തണം. കടാശ്വാസത്തിനുള്ള അപേക്ഷയിൻമേൽ അവാർഡുകൾ നൽകാൻ കമ്മീഷന് ജുഡീഷ്യൽ അധികാരം നൽകാനുള്ള വ്യവസ്ഥ യുണ്ടാകണം.

<u>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി</u>: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കർഷകർക്ക് വളരെ പ്രതീക്ഷ നൽകുന്ന ഒരു ബില്ലാണിത്. ബില്ലിനെപ്പറ്റിയുള്ള പ്രതിപക്ഷാംഗങ്ങളുടെ അഭിപ്രായപ്രകടനങ്ങൾ ബ്ലേഡ് കമ്പനിക്കാരെ സഹായിക്കുന്നതരത്തിലുള്ളതാണെന്നുള്ള ഭരണപക്ഷത്തിന്റെ പരാമർശം ശരിയായില്ല. അനുരഞ്ജനത്തിലൂടെ ബ്ലേഡ് കമ്പനികളിൽ നിന്നും തുക ഈടാക്കാനുള്ള ഉറപ്പ് ഈ നിയമത്തിലൂടെ ഉണ്ടാവുകയാണ്. ബിൽ സൂക്ഷ്മമായി പരിശോധിച്ച് അപാകതകൾ പരിഹരിച്ച് കർഷകർക്ക് പ്രയോജനപ്രദമാക്കണം. ദുരിതബാധിത കർഷകൻ ദുരിതബാധിത പ്രദേശ

മായി പ്രഖ്യാപിക്കാനായി കമ്മീഷന് അപേക്ഷ നൽകിയാൽ കമ്മീഷന്റെ ശുപാർശയോടെ ആ അപേക്ഷ ഗവൺമെന്റിന് സമർപ്പിച്ച് ഗവൺമെന്റ് ദുരിതബാധിതമാണെന്ന് അംഗീകരിച്ചാൽ മാത്രമേ അപേക്ഷപോലും പരിഗണിക്കാൻ കമ്മീഷന് അധികാരമുള്ളൂ. അപേക്ഷ സ്വീകരിച്ചാൽ കർഷകന് ആശ്വാസം ലഭിക്കണമെങ്കിൽ വീണ്ടും അപേക്ഷിക്കണം. ആത്മഹത്യ ചെയ്യാൻ പോകുന്ന കർഷകൻ കടാശ്വാസത്തിനായി അത്രയും കാലം കാത്തിരിക്കുകയില്ല. 'ദുരിതബാധിതം' എന്നതിനെക്കുറിച്ച് വ്യക്തമായി നിർവ്വചിക്കപ്പെടണം. അഞ്ച് അംഗങ്ങളെ വച്ചുകൊണ്ട് കമ്മീഷന് അതിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ സാധിക്കുകയില്ല. കേരള ത്തിലെ ഭൂരിഭാഗം അളുകളും കടമെടുക്കുന്നവരാണ്. മണി ലെൻഡേഴ്സി നാണ് ഇതുകൊണ്ട് പ്രയോജനമുണ്ടാകാൻ പോകുന്നത്. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ തുടങ്ങിയവയിൽനിന്നും കർഷകൻ എടുത്ത വായ്പയെക്കുറിച്ച് ബില്ലിൽ യാതൊന്നും പറഞ്ഞിട്ടില്ല. ബഹുഭൂരിപക്ഷം കർഷകരും ഇത്തരം ബാങ്കുകളിൽനിന്നാണ് വായ്പ എടുത്തിട്ടുള്ളത് എന്നതുകൊണ്ട് ഈ വായ്പകൾക്കും ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമാക്കണം. സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളെ ഇപ്പോൾ ഒഫിഷ്യൽ അമെന്റ്മെന്റിലൂടെ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെന്ന് പറഞ്ഞുവെങ്കിലും അവയ്ക്കുണ്ടാകുന്ന നഷ്ടം നികത്താൻ തുകയൊന്നും മാറ്റിവച്ചതായി കാണുന്നില്ല. കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യമായ ഗൈഡ്ലൈൻ കൊടുത്ത് കാർഷിക മേഖലയെ സംരക്ഷിക്കണം. കാർഷിക മേഖലയെ പുനരുദ്ധരിക്കാൻ സമഗ്രമായ കാഴ്ച്ചപ്പാടോടുകൂടിയുള്ള

പാക്കേജ് ഉണ്ടാകണം. കൃഷിക്ക് കൂടുതൽ ഫണ്ട് രൂപീകരിക്കണം. ഉൽപ്പന്ന ങ്ങൾക്ക് വിലക്കുറവും ഉൽപ്പാദനച്ചെലവ് കൂടുതലുമായതിനാൽ ആഗോള വൽക്കരണമെന്നുപറഞ്ഞുകൊണ്ട് ഒഴിഞ്ഞുമാറാതെ സംസ്ഥാനത്തിന് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യണം. കാർഷിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ഉറപ്പുവരുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കൂടുതൽ ജലസേചന സൗകര്യങ്ങളുണ്ടാക്കണം. കാർഷിക മേഖല വിശാലമായ വീക്ഷണത്തോടുകൂടി റിസൽട്ട് ഓറിയന്റഡായിട്ടുള്ള പദ്ധതികളുണ്ടാക്കി നന്നാക്കി എടുക്കാൻ ശ്രമിക്കണം. അതിന് പ്രതിപക്ഷ ത്തിന്റെ എല്ലാ പിന്തുണയുമുണ്ടാകും. കാർഷിക മേഖല സമ്പദ്ഘടനയുടെ നട്ടെല്ലായതിനാൽ ഈ നിയമം കൊണ്ടുമാത്രം കർഷകരെ സംരക്ഷിക്കാൻ സാധിക്കുകയില്ല; അതിന് പര്യാപ്തമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.

<u>ശ്രീ.എം.പ്രകാശൻ മാസ്റ്റർ</u>: "സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇൻഡ്യയിൽ കാർഷികോൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവും വിദേശ മാർക്കറ്റുകളുടെ കൈകടത്തലും ഇറക്കുമതി ചുങ്കം ചുമത്തിയതുമൊക്കെ യാണ് കാർഷിക മേഖലയിൽ പ്രതിസന്ധി ഉണ്ടാകാൻ കാരണമായിട്ടുള്ളത്. ഇതിന് പരിഹാരം കാണാൻ കോൺഗ്രസ്സ് ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പി ലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇതുവരെ യാതൊരു നീക്കവും ഉണ്ടായിട്ടില്ല. കർഷകർക്ക് നാല് ശതമാനം പലിശയ്ക്കും

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് അഞ്ചര ശതമാനം പലിശയ്ക്കും ലോൺ കൊടുക്കുമെന്ന് പറഞ്ഞത് ഈ ഗവൺമെന്റാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഇങ്ങനെയൊരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് അഞ്ച് ജില്ലാ കേന്ദ്രങ്ങളിലായി 19 സിറ്റിംഗ് നടത്തി കൃഷിക്കാരുടെ അഭിപ്രായങ്ങൾ ആരായുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ ആത്മഹത്യചെയ്ത 12 കർഷകരുടെ കുടുംബങ്ങൾക്ക് ആശ്വാസമായി 50,000 രൂപവീതം കൊടുത്തു. കാർഷിക രംഗത്ത് കടാശ്വാസവുമായി ബന്ധപ്പെട്ട ധാരാളം ബില്ലുകൾ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. പക്ഷേ ഇത്രയും മൗലികമായി പ്രശ്നങ്ങൾ പരിഹരിക്കുന്ന ബിൽ ഇതുവരെ ഉണ്ടായിട്ടില്ല. കേരളത്തിലെ കൃഷിക്കാരെ ആത്മഹത്യയിലേയ്ക്ക് നയിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ നയങ്ങളാണ്. കടക്കെണിയിൽപ്പെട്ട് നട്ടം തിരിയുന്ന അവരെ കൈപിടിച്ച് ഉയർത്താനുള്ള ഒരു ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ തകിടം മറിക്കുവാൻ പ്രതിപക്ഷം ശ്രമിക്കരുത്. യു.ഡി.എഫ്.ഗവൺമെന്റ് 2001-ൽ പാസ്സാക്കിയ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ആക്ടിന് പ്രസിഡന്റിന്റെ അനുമതി വാങ്ങുകയോ ആ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണപരമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇപ്പോൾ പ്രതിപക്ഷത്തിന്റെ ആവശ്യം ബ്ലേഡുകാരെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നാണ്. മണിലെന്റേഴ്സ് ആക്ട് നിലനിൽക്കേ ബ്ളേഡ് മാഫിയ വളർന്ന കാലഘട്ടമാണ് യു.ഡി.എഫ്. ഭരിച്ച കഴിഞ്ഞ അഞ്ച് വർഷക്കാലം. എസ്.ബി.ഐ. ഉൾപ്പെടെയുള്ള ദേശസാൽകൃത ബാങ്കുകളേയും ധനകാര്യ സ്ഥാപനങ്ങളേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം.

ഇതുസംബന്ധിച്ച നിയമം കൊണ്ടുവരേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ആത്മഹത്യ ചെയ്ത 199 കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് ആൾ കേരള ബാങ്കേഴ്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നാഷണലൈസ്ഡ് ബാങ്കുകൾ തീരുമാനമെടുത്തിട്ടുണ്ട്. കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ സഹകരണ സംഘങ്ങൾ മുഖേനയുള്ള കർഷകരുടെ രണ്ട് ലക്ഷം രൂപവരെ യുള്ള കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനമെടുത്ത ഗവൺമെന്റാണിത്. പ്രതിപക്ഷ മെമ്പർമാർ അവരുടെ ഡിസന്റിംഗ് നോട്ടിൽ പറയുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം മുതലിനേക്കാൾ കവിഞ്ഞ പലിശ പൂർണ്ണമായും എഴുതിത്തള്ളണമെന്നാണ്. പതിമൂന്നാം വകുപ്പിൽ അവർ അടച്ചുതീർക്കേണ്ട സംഖ്യ മുതലിന് തുല്യമായാൽ കടം പൂർണ്ണമായും തീർന്നതായി കണക്കാക്കുന്നതാണ് എന്ന് കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്പോൾ കർഷകരുടെ അപേക്ഷ പരിഗണിക്കാനും അവരുടെ കടം എഴുതിത്തള്ളാനും ഒരു സ്ഥാപനം ഉണ്ടായിരിക്കുന്നു. ഒരു പ്രദേശത്തെ ദുരന്തബാധിതമായി പ്രഖ്യാപിക്കാൻ അവിടത്തെ മുഴുവൻ കൃഷിക്കാരും അപേക്ഷ കൊടുക്കേണ്ട കാര്യമില്ല; ആർക്കും അപേക്ഷ കൊടുക്കാം. യു.ഡി.എഫ്-ന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണത്തിനിടയിൽ 1500 കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. ഇപ്പോൾ കേരളത്തിലെ കൃഷിക്കാർക്ക് തങ്ങളെ സഹായിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റുണ്ടെന്ന് ബോദ്ധ്യമായിക്കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി മൂന്ന് ജില്ലകൾക്കുവേണ്ടി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും അതിലൂടെ 765 കോടി രൂപ നേടിയെടുക്കുകയും ചെയ്തു. കൂടുതൽ കൃഷിക്കാർ ആത്മഹത്യ ചെയ്ത കണ്ണൂർ ജില്ലയെക്കൂടി ഈ പാക്കേജിൽ ഉൾപ്പെടുത്തണം. കൃഷിക്കാരെ സഹായിക്കാൻ ഒരു സംസ്ഥാന

ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി നേടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. നാല് ഹെക്ടർവരെ ഭൂമിയുള്ള, രണ്ട് ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള മുഴുവൻ കൃഷിക്കാരെയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് സെലക്ട് കമ്മിറ്റിയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ച് കൃഷിയുടെ നിർവ്വചനത്തിലും കർഷകന്റെ വരുമാന പരിധിയിലും കമ്മീഷൻ അംഗങ്ങളുടെ കാര്യത്തിലും രണ്ട് കർഷക പ്രതിനിധികൾ അംഗങ്ങളായി വേണമെന്നതിലും ശീർഷകത്തിലും പീഠികയിലും ബ്ലേഡ്കാരെ നിയന്ത്രിക്കുന്ന കാര്യത്തിലും മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കൃഷിക്കാരെ സഹായിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള തുറന്ന മനസ്സ് സർക്കാരിനുണ്ട്. ദുരന്തബാധിത പ്രദേശം എന്നാൽ കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ പ്രഖ്യാപിക്കുന്ന റവന്യൂജില്ലയോ ജില്ലകളോ എന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഉരുൾപൊട്ടൽ, പുഴ കരകവിഞ്ഞൊഴുകൽ തുടങ്ങിയ കാര്യങ്ങൾ വളരെ ചെറിയ മേഖലകൾക്ക് ബാധകമാകുമ്പോൾ ഇവയെ ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൂടി നിയമത്തിൽ ഉൾപ്പെടുത്തണം. അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് ഇവിടെ പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ഉണ്ടാകണം. ഭാവിയിൽ ആത്മഹത്യ ചെയ്യുന്ന കർഷകരുടെ കടത്തിന്മേലുള്ള പലിശ അയാൾ ആത്മഹത്യ ചെയ്യുന്ന ദിവസം കട്ട് ഓഫ് ഡേറ്റായി കണക്കാക്കി നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്യണം.

<u>ശ്രീ.കെ.എം.മാണി:</u> ഈ നിയമനിർമ്മാണത്തിൽ പ്രതിപക്ഷം വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. മൂലനിയമം പുറത്തിറങ്ങിയ ഉടൻതന്നെ മനസ്സിൽ തട്ടിയ ആശയങ്ങളും ബില്ലിലെ പോരായ്മകളും പരിമിതികളും ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളും ഉൾക്കൊള്ളിച്ച് പത്രങ്ങളിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയും സെലക്ട് കമ്മിറ്റി ഓരോരുത്തരോടും നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വളരെ സുദീർഘമായി ഓരോ വകുപ്പും തിരിച്ച് കത്ത് തരികയും ചെയ്തു. ഇപ്പോൾ ബില്ലിൽ കുറെയൊക്കെ മാറ്റങ്ങൾ വരുത്തിയതിൽ സന്തോഷമുണ്ട്. സഹകരണ ബാങ്കുകളിൽനിന്നോ ഗവണ്മെന്റിൽനിന്നോ കടമെടുത്തിട്ടുള്ള കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും ആശ്വാസം കിട്ടത്തക്ക വിധത്തിൽ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. നാമമാത്ര കർഷകരുടെ കടങ്ങളും ചെറുകിട കർഷകർ എടുത്തിട്ടുള്ള കടത്തിന്റെ പലിശയും എഴുതിത്തള്ളണം. മൂന്ന് ശതമാനം പലിശയ്ക്ക് കൃഷിക്കാരന് വായ്പ ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. സഹകരണ ബാങ്കുകളെക്കൂടി ഉത്തമർണ്ണ സ്ഥാപനത്തിൽ ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. ഇതിന്റെ പ്രയോജനം കർഷകർക്ക് ലഭ്യമാകണമെങ്കിൽ അത്യാഹിത ജില്ലയായോ, അത്യാഹിത മേഖലയായോ, അത്യാഹിത കൃഷിക്കാരനായോ കമ്മീഷൻ ശുപാർശ ചെയ്ത് സർക്കാർ നോട്ടിഫൈ ചെയ്യണം. ഈ നിയമം അനുസരിച്ച് പ്രയോജനം ലഭിക്കണമെങ്കിൽ അത്യാഹിതമുണ്ടാകാൻവേണ്ടി കർഷകൻ കാത്തിരിക്കേണ്ടിവരും. 5-ാം വകുപ്പിൽ പറയുന്ന നിബന്ധനകൾ മുഴുവൻ പാലിക്കുന്നതിന് കമ്മീഷന് അധികാരം നൽകിയിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ ഒത്തുവരികയാണെങ്കിൽ അനുരഞ്ജനമാകാം എന്നും

പറഞ്ഞിട്ടുണ്ട്. ഇതുകൊണ്ട് കേരളത്തിലെ കൃഷിക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്ന കേരളീയ കർഷകന് ആശ്വാസം നൽകുന്ന നിയമനിർമ്മാണമല്ല ഇത്. സഹകരണ ബാങ്കുകളെ ഉത്തമർണ്ണ സ്ഥാപനത്തിന്റെ പട്ടികയിൽ കൊണ്ടുവന്നെങ്കിലും സഹകരണ ബാങ്കിൽ നിന്നെടുക്കുന്ന കടങ്ങൾക്ക് ഇളവ് നൽകുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളി ച്ചിട്ടില്ല. 2(7)–ൽ 'കടം' എന്നു പറയുന്നതിനെ സംബന്ധിച്ചിടത്തോളം പ്രാരംഭ തീയതി എന്നു പറയുന്നത് നിയമം നിലവിൽ വരുന്ന തീയതിയിലോ ഇതിനുമുമ്പോ എടുത്ത കടമാണ്. അതു കാരണം ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്ന ഗുണം കർഷകന് ലഭിക്കുകയില്ല. കടത്തിന്റെ നിർവ്വചനത്തിൽ ഈ നിയമം നിലവിൽ വരുന്ന തീയതിക്കോ അതിനുമുമ്പോ ഉള്ള കടം എന്ന് മാറ്റം വരുത്തണം. 2(13)–ൽ പറഞ്ഞിരിക്കുന്നത് ഇതിന്റെ ബെനിഫിറ്റ് കിട്ടണമെങ്കിൽ ഉടമസ്ഥനോ, അനുമതി പത്രക്കാരനോ, ഒറ്റി കൈവശക്കാരനോ, വാക്കാൽ പാട്ടക്കാരനോ ആയിരിക്കണം എന്നാണ്. ഇതിൽ കുത്തകപാട്ട കൃഷിക്കാരനും മലയോര കൃഷിക്കാരനും ഉൾപ്പെടുകയില്ല. എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ കൈവശമുള്ള ഭൂമിയും ഇതിനകത്ത് ഉൾപ്പെടുകയില്ല. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള നാമമാത്ര ചെറുകിട പാവപ്പെട്ട കൃഷിക്കാരുടെ കടങ്ങൾ മുഴുവൻ എഴുതിത്തള്ളണം. രണ്ട് ഹെക്ടറിനു താഴെയുള്ള കൃഷിക്കാർ എടുത്ത കടത്തിന്റെ പലിശയെങ്കിലും എഴുതിത്തള്ളണം. രണ്ട് ഹെക്ടർ വരെയുള്ള കൃഷിക്കാർക്ക് 3% പലിശയ്ക്ക് വായ്പ കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. രോഗബാധ, കീടബാധ, പ്രകൃതിക്ഷോഭം എന്നിവയ്ക്ക് കേന്ദ്ര

ഗവൺമെന്റ് കൊണ്ടുവന്ന ഇൻഷ്വറൻസ് സ്കീമിന്റെ പരിരക്ഷ ലഭ്യമാക്കണം. ഇൻഷ്വറൻസ് സ്കീമിന്റെ പ്രീമിയം ഇനത്തിൽ 10 കോടി രൂപ വകയിരുത്തണം; ഈ നിയമത്തിൽ അതിനുവേണ്ട വകുപ്പുകൂടി ഉൾപ്പെടുത്തണം. കേരളത്തിലെ പാവപ്പെട്ട കൃഷിക്കാർക്ക് പ്രയോജനകരമായ രീതിയിലേയ്ക്ക് ഈ നിയമം മാറ്റണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ഈ ബില്ലിനെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനങ്ങൾ നിറവേറ്റാൻ വേണ്ടി പ്രവർത്തിക്കുന്ന ഒരു സർക്കാരാണ് ഇന്ന് അധികാരത്തിലിരിക്കുന്നത്. കർഷകന് ഏറെ ആശ്വാസം നല്കുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചി ട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാർഷിക കടക്കെണിമൂലം 1300-ഓളം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. കർഷകന് ആശ്വാസം കിട്ടണമെങ്കിൽ അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തണം. കർഷകർക്ക് അവരുടെ കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാനുള്ള സംവിധാനമുണ്ടാക്കണം. അഗ്രികൾച്ചറൽ സെക്ടറിൽ ഇൻവെസ്റ്റ് ചെയ്യുന്ന എമൗണ്ട് കൃഷി ഓഫീസുകൾ മുഖേന കർഷകർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കൃഷി ഓഫീസർമാർ എല്ലാ ദിവസവും കൃഷി സ്ഥലങ്ങളിൽച്ചെന്ന് കർഷകർക്കാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം. കൃഷി ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കണം. അടിസ്ഥാനപരമായി കൃഷി ഓഫീസുകൾ റീഫോം ചെയ്ത് ഓഫീസർമാരെക്കൊണ്ട് ജോലി ചെയ്യിക്കണം. കാർഷിക സർവ്വകലാശാലയ്ക്ക് കർഷകന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ സർവ്വകലാശാല അടച്ചുപൂട്ടണം. കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കാൻ ഉതകുന്ന

വിധത്തിലുള്ള ഗവേഷണങ്ങൾ നടത്താൻ കഴിയണം. എല്ലാ വർഷവും കേരളത്തിന്റെ മേജർ ഉല്പന്നങ്ങളുടെ വില ഫിക്സ് ചെയ്യാനുള്ള അവകാശം കമ്മീഷന് നൽകണം. മാർക്കറ്റ് വില താഴുകയാണെങ്കിൽ സർക്കാർ അതിനുള്ള തുക കൊടുക്കണം. കർഷകൻ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മാർക്കറ്റ് ഇന്റർവെൻഷൻ മുഖാന്തിരം സർക്കാർ എടുക്കണം. അല്ലെങ്കിൽ അസസ്സ് ചെയ്തിട്ട് ആ നഷ്ടം നൽകാനുള്ള അധികാരം കൂടി കമ്മീഷന് നൽകണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സെലക്ട് കമ്മിറ്റിക്ക് അയച്ച ഈ ബിൽ ധാരാളം മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഗവൺമെന്റ് അവതരിപ്പിച്ച ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് തീരുമാനിക്കുകയും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ബഹുമാനപ്പെട്ട അംഗങ്ങളുടേയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടേയും സഹകരണത്തോടെ സഭയിൽ കൊണ്ടുവരാൻ കഴിയുകയും ചെയ്തതിൽ നന്ദിയുണ്ട്. കൃഷിയുടെ നിർവ്വചനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ക്ഷീരകർഷകരേയും മൽസ്യകർഷകരേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. കർഷകർ വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുക്കുന്നുണ്ട്.. ആഡംബര വായ്പയെ കാർഷിക വായ്പയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹകരണ സംഘങ്ങളുടെ നിലനില്പിനെ ഒരു തരത്തിലും ഇത് ബാധിക്കുകയില്ല. കമ്മീഷൻ ഗവൺമെന്റിന് നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും അത്

അർഹരായ കർഷകർക്ക് യഥാസമയം എത്തിച്ചു കൊടുക്കുന്നതുമാണ്. ഏതെങ്കിലും വകുപ്പ് ശക്തിപ്പെടുത്തണമെന്നുണ്ടെങ്കിൽ പിന്നീട് ഭേദഗതിനിയമം സഭയിൽ കൊണ്ടുവന്ന് പാസ്സാക്കി നടപ്പാക്കാം. എത്രയുംവേഗം കൃഷിക്കാർക്ക് ആശ്വാസം എത്തിക്കണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ ഉദ്ദേശം. ഇവിടെ വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരമാവധി ഉൾക്കൊള്ളാൻ ശ്രമിക്കുന്നതാണ്. നേരത്തെ ഒറിജിനൽ ബിൽ അവതരിപ്പിച്ചപ്പോൾ ദുരന്തബാധിത ജില്ല എന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ. പിന്നെ വന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ദുരന്ത വിളകൾ, ദുരന്ത കൃഷിക്കാർ, പ്രകൃതിക്ഷോഭം തുടങ്ങിയവയൊക്കെ അതിന്റെ നിർവ്വചന ത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വൈകാതിരിക്കാൻ ആ രീതിയിലുള്ള ഭേദഗതികൂടി ഉൾപ്പെടുത്തുന്നതാണ്. കൃഷിക്കാരിൽനിന്നും ഈടാക്കുമെന്ന് ഒറിജിനൽ ബില്ലിൽ പറഞ്ഞിരുന്ന ഫീസ് ഒഴിവാക്കിയിട്ടുണ്ട്; പക്ഷേ അപേക്ഷാ ഫോറം വാങ്ങുന്നതാണ്. പല പാർലമെന്റ് മെമ്പർമാരും വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളു മൊക്കെ അഭിപ്രായങ്ങൾ എഴുതി അയച്ചുതന്നിട്ടുണ്ട്. നിയമത്തിനുള്ളിൽ നിന്നുകൊണ്ട് സ്വീകരിക്കാവുന്നവ സ്വീകരിച്ച് എത്രയും വേഗത്തിൽ ഇത് പാസ്സാക്കി കൃഷിക്കാർക്ക് സഹായം എത്തിച്ചു കൊടുക്കുന്നതിന് കൂട്ടായി പരിശ്രമിക്കാം. ഇവിടെ പറഞ്ഞ നിർദ്ദേശങ്ങളെല്ലാം ഉൾക്കൊള്ളിക്കുന്നതിന് പുതിയ രണ്ട് ബില്ലുകൾ കൂടി കൊണ്ടുവരുന്നതിന് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. വിയോജനക്കുറിപ്പിൽ കമ്മീഷന്റെ സിറ്റിംഗ് ജില്ലകൾതോറും നടത്തണമെന്ന് പറഞ്ഞിരിക്കുന്നത് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതാണ്. കൂടുതൽ അപേക്ഷകർ വരുമ്പോൾ കാലതാമസം വരാതിരിക്കാൻ ബഞ്ചുകൾ സ്ഥാപിച്ച് ആ രീതിയിൽ ഏറ്റവും

വേഗത്തിൽ തീർപ്പുകൽപിക്കാനുള്ള നടപടി സ്വീകരിക്കാം. രണ്ട് കർഷക പ്രതിനിധികൾകൂടി ഈ കമ്മീഷനിൽ ഉണ്ടായിരിക്കണമെന്നു പറയുന്നത് ഒരു ഗ്യാരന്റിയാണ്. ഇവിടെവന്ന നിർദ്ദേശങ്ങളുടെയൊക്കെ അടിസ്ഥാനത്തിൽ ഈ ബില്ലിന്റെ ക്ളാസ് ബൈ ക്ളാസ് ചർച്ച കുറച്ചുകൂടി സമ്പുഷ്ടമാക്കി പരമാവധി ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.41–ന്പിരിഞ്ഞു.